# ഉർദുഗാൻ - ഗുൽ - ഓഗ്‌ലോ കൂട്ടുകെട്ടിന്റെ നയതന്ത്ര വിജയഗാഥ



ഓഗ്‌ലോ

**ഇപ്പോഴത്തെ** തുർക്കി പ്രസിഡന്റ് അബ്ദുല്ല ഗുൽ വിദേശകാര്യ മന്ത്രിയായിരുന്ന കാലം. ചില രാഷ്ട്രങ്ങളുടെ പേരെടുത്ത് പറഞ്ഞ്, അവയുടെ പ്രത്യേകതകളും ആഭിമുഖ്യങ്ങളും പഠിച്ചുവരാൻ ഒരു സംഘം നയതന്ത്രജ്ഞന്മാരെ അദ്ദേഹം ചുമതലപ്പെടുത്തി. ഓരോ രാജ്യവുമായും സ്വീകരിക്കേണ്ട നയതന്ത്രസമീപനം രൂപപ്പെടുത്തുന്നതിനായിരുന്നു ഇത്. ഒരാഴ്ചക്കകം റിപ്പോർട്ട് തയാറായി. കഷ്ടിച്ച് ഒരു പേജ് മാത്രം! ഒരു കഥ മാത്രമേ അതിൽ ഉണ്ടായിരുന്നുള്ളൂ. അതിങ്ങനെ:

മെക്സിക്കോ സന്ദർശിക്കാനെത്തിയ ഒരു സംഘം വിദേശസഞ്ചാരികൾ അത്യുഷ്ണം കാരണം ദാഹമകറ്റാനായി ഒരു കൂൾബാറിൽ കയറി. ഓരോരുത്തന്റെ മുമ്പിലും ഒരു ഗ്ലാസ് തണുത്ത പാനീയം എത്തി. പക്ഷേ ഒരു പ്രശ്നം. എല്ലാ ഗ്ലാസ്സിലും ഒരു ഈച്ച നീന്തിക്കളിക്കുന്നുണ്ടായിരുന്നു. പാനീയവും ഗ്ലാസും മാറ്റിത്തരണമെന്നായി ഇംഗ്ലീഷ് സഞ്ചാരി. സ്വീഡൻകാരന് പാനീയം മാറ്റിയാൽ മതി, ഗ്ലാസ് മാറ്റേണ്ട. ഫിൻലന്റുകാരൻ കൈകൊണ്ട് ഈച്ചയെ പുറത്തെടുത്ത് കൂളായി പാനീയം കുടിച്ചു. ഗ്രീക്കുകാരൻ പകുതി കുടിച്ച ശേഷം, ഈച്ചയുണ്ടെന്ന കാരണം പറഞ്ഞ് പുതിയൊരു ഗ്ലാസ് പാനീയം കൂടി ആവശ്യപ്പെട്ടു. ജപ്പാൻകാരൻ ഈച്ചയെ എടുത്ത് വേഗം നാട്ടിലേക്കയച്ചു, ശാസ്ത്ര ഗവേഷണത്തിൽ അതിനെ ഉപയോഗപ്പെടുത്താൻ പറ്റുമോ എന്നറിയാൻ. നോർവെക്കാരൻ ഗ്ലാസിലുള്ളത് കുടിച്ച ശേഷം, തന്റെ വളർത്ത് മത്സ്യത്തിന് ഭക്ഷണമായി ഈച്ചയെ പൊതിഞ്ഞുവെച്ചു. അമേരിക്കക്കാരൻ ഒരു മില്യൻ ഡോളർ നഷ്ടപരിഹാരം കിട്ടണമെന്ന് വാദിച്ച് മെക്സിക്കൻ കോടതിയിൽ കേസ് ഫയൽ ചെയ്തു.

കഥ വായിച്ച് ഗുൽ ചോദിച്ചു: ഇവരുടെ കൂട്ടത്തിൽ തുർക്കിക്കാരൻ ഉണ്ടായിരുന്നില്ലേ? നയതന്ത്രസംഘത്തിലെ വിദഗ്ധൻ മുന്നോട്ടുവന്ന് പറഞ്ഞു: ഉണ്ടായിരുന്നു. ഗുൽ: അദ്ദേഹം എന്തു ചെയ്തു? വിദഗ്ധൻ: ശക്തമായി പ്രതിഷേധിക്കുകയും അത് ചെയ്തവനെ അടച്ചാക്ഷേപിക്കുകയും ചെയ്തു.

ആ നയതന്ത്ര വിദഗ്ധൻ ആരാണെന്നല്ലേ? അഹ്മദ് ദാവൂദ് ഓഗ്‌ലോ. തുർക്കിയിൽ ഉർദുഗാൻ യുഗത്തിന്റെ വിദേശനയ ശിൽപി. എല്ലാവരുമായും കലഹിക്കുകയും ശണ്ഠകൂടുകയും ചെയ്യുന്ന തുർക്കിയുടെ പരമ്പരാഗത നയം തിരുത്തണമെന്നാണ് കഥയിലൂടെ ഓഗ്‌ലോ പറഞ്ഞുവെച്ചത്. കഥയിലെ ഓരോ സഞ്ചാരിയും അതത് രാഷ്ട്രത്തിന്റെ ഭിന്ന പ്രകൃതങ്ങളെ പ്രതിനിധീകരിക്കുന്നു. ആ പ്രകൃതം കണക്കിലെടുത്തു വേണം ഓരോ രാഷ്ട്രവുമായുള്ള നയതന്ത്രം രൂപപ്പെടുത്താൻ.

അന്താരാഷ്ട്ര നയതന്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ ഈ ചെറുപ്പക്കാരനാണ് (1959ൽ ഖൂനിയ നഗരത്തിൽ ജനനം) തുർക്കിക്ക് ലോക രാഷ്ട്രീയത്തിൽ സ്വന്തമായ ഇടം നേടിക്കൊടുത്തത്. ഉർദുഗാൻ വരെ ഇദ്ദേഹത്തെ ആദരപൂർവം ഖോജാ (ഗുരു) എന്നേ വിളിക്കൂ. തുർക്കി-സിറിയൻ ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിലാണ് ഓഗ്‌ലോ ആദ്യം ശ്രദ്ധിച്ചത്. പിന്നെ ജൂലാൻ പ്രശ്നത്തിൽ ഇസ്രയേൽ-സിറിയൻ സമവായത്തിന് വേണ്ടി ഓടിനടന്നു. തുർക്കി മധ്യസ്ഥന്റെ റോളിൽ. യൂറോപ്യൻ യൂനിയനിലെ അംഗത്വം ഉൾപ്പെടെയുള്ള കാര്യങ്ങളാണ് രണ്ടാമത്തെ ഫയലിൽ. തുർക്കിയുടെ മനുഷ്യവിഭവവും സാമ്പത്തിക വിഭവങ്ങളും ഭൂമിശാസ്ത്രപരമായ അതിന്റെ കിടപ്പും എങ്ങനെ സമർഥമായി ഉപയോഗിക്കാം എന്നതിനെക്കുറിച്ചാണ് മൂന്നാമത്തെ ഫയൽ.

ഇറാൻ, സിറിയ, ഇസ്രയേൽ, ഹമാസ്, യൂറോപ്യൻ യൂനിയൻ, ഹിസ്ബുല്ല, അറബ് ലോകം, അമേരിക്ക- ഈ ഭിന്ന വിരുദ്ധ ശക്തികളെ ഒരേസമയം നയതന്ത്രപരമായി കൈകാര്യം ചെയ്യാനുള്ള മെയ്‌വഴക്കമുണ്ട് ഓഗ്‌ലോ രൂപകൽപന ചെയ്ത വിദേശനയത്തിന്. ഇത് ഒട്ടേറെ വിമർശനങ്ങൾ ക്ഷണിച്ചുവരുത്തിയിട്ടുണ്ട്. ഇതിന് ടർക്കിഷ് മാധ്യമ പ്രവർത്തകൻ ഫിക്റത്ത് ബീലാ ഇങ്ങനെ മറുപടി പറയുന്നു: "അമേരിക്കയുമായും ഇസ്രയേലുമായും ഉർദുഗാൻ സൗഹൃദത്തിന് ശ്രമിക്കുന്നുണ്ടെന്നത് ശരിയാണ്. പക്ഷേ അദ്ദേഹം ഒരിക്കലും വാഷിംഗ്ടണിന്റെ റാംമൂളിയല്ല. ഇസ്രയേലിനെയും നന്നായി വിമർശിക്കും. ഹമാസിനെയും സിറിയക്കാരെയും സഹായിക്കേണ്ടിവരുമ്പോൾ അതിനും തയാറാകും. ഇത് വിദേശനയത്തിൽ വലിയ തുറസ്സുണ്ടാക്കിയിട്ടുണ്ട്." ഏറ്റവുമൊടുവിൽ, ഗസ്സ പ്രശ്നത്തിൽ ഏവർക്കും സ്വീകാര്യനായ മധ്യസ്ഥൻ തുർക്കിയായത് ഉർദുഗാൻ-ഗുൽ-ഓഗ്‌ലോ മൂവർ സംഘത്തിന്റെ നയതന്ത്ര വിജയമാണ്. ■

## ഹനിയ്യയുടെ കൂഫിയക്ക് മൂന്നര ലക്ഷം ഡോളർ



**ഫലസ്ത്വീൻ** പ്രധാനമന്ത്രി ഇസ്മാഈൽ ഹനിയ്യയുടെ ശിരോവസ്ത്രം (കൂഫിയ) ഒരു ലക്ഷം കുവൈത്തി ദീനാറിന് (ഏകദേശം മൂന്നര ലക്ഷം അമേരിക്കൻ ഡോളർ) ലേലത്തിൽ വിറ്റു. യുദ്ധംകൊണ്ടും ഉപരോധം കൊണ്ടും നരകയാതന അനുഭവിക്കുന്ന ഗസ്സൻ നിവാസികൾക്കു വേണ്ടി ഫണ്ട് സമാഹരിക്കാൻ കുവൈത്തിലെ ജംഇയ്യത്തുൽ ഇസ്‌ലാഹ് സംഘടിപ്പിച്ച പരിപാടിയിൽ വെച്ചായിരുന്നു പരസ്യ ലേലം. ഉപരോധം ലംഘിച്ച് ദുരിതാശ്വാസ പ്രവർത്തനത്തിന് ഗസ്സയിലേക്ക് തിരിച്ച ഒരു കുവൈത്തി പൗരന് ഇസ്മാഈൽ ഹനിയ്യ സമ്മാനിച്ചതായിരുന്നു ഈ കൂഫിയ. ■

# ശൈഖ് ശരീഫ് ദുർവിധിക്ക് അറുതിവരുത്തുമോ?



*ശരീഫ് അഹ്മദ്*

**ശൈഖ്** ശരീഫ് അഹ്മദ് സോമാലിയൻ പ്രസിഡന്റായി സ്ഥാനമേറ്റതോടെ കഴിഞ്ഞ 18 വർഷമായി ആഭ്യന്തരയുദ്ധത്തിൽ തകർന്നു കിടക്കുന്ന രാഷ്ട്രത്തിന്റെ പുനർനിർമാണം സാധ്യമാകുമെന്ന പ്രതീക്ഷയിലാണ് സോമാലിയക്കാർ. ശൈഖ് ശരീഫിന് സാധിച്ചില്ലെങ്കിൽ പിന്നെയാർക്കും അത് സാധിക്കില്ലെന്നും അവർ ഭയപ്പെടുന്നു. ഇന്ന് സോമാലിയൻ രാഷ്ട്രീയത്തിലെ ഏറ്റവും പ്രഗത്ഭനും ജനസമ്മതനുമായ നേതാവാണ് ശൈഖ് ശരീഫ്. സോമാലിയൻ ഗ്രാമങ്ങളിലും നഗരങ്ങളിലും ചോരക്കളങ്ങൾ തീർത്തിരുന്ന 15 യുദ്ധപ്രഭുക്കളുടെ മിലീഷ്യകളെ തുരത്തിയോടിച്ച ഇസ്‌ലാമിക് കോർട്സ് എന്ന കൂട്ടായ്മയുടെ ശിൽപി കൂടിയാണ് അദ്ദേഹം.

1966ലാണ് ശൈഖ് ശരീഫിന്റെ ജനനം. ഒമ്പതാം വയസ്സിൽ ഖുർആൻ മനഃപാഠമാക്കി. സുഡാനിലും പിന്നീട് ലിബിയയിലും തുടർപഠനം. ലിബിയയിൽനിന്ന് നിയമബിരുദമെടുത്തു. 2000ൽ ആണ് സോമാലിയയിലേക്ക് തിരിച്ചുവരുന്നത്. 2004 വരെ അധ്യാപകനായി കഴിഞ്ഞു. യുദ്ധപ്രഭുക്കളുടെ അഴിഞ്ഞാട്ടത്തിന് അറുതിവരുത്തണമെന്ന ചിന്തയിൽനിന്നാണ് തലസ്ഥാന നഗരിയായ മൊഗാദിഷുവിലെ ഗോത്രപ്രമാണിമാരെ ചേർത്ത് അദ്ദേഹം ഒരു ഇസ്‌ലാമിക് കോർട്ടിന് രൂപംനൽകിയത്. അത് വൻവിജയമായിരുന്നു. ഗോത്രപ്രമുഖരും പണ്ഡിതന്മാരും അടങ്ങുന്ന ഇതുപോലുള്ള കോർട്ടുകൾ നാടിന്റെ നാനാ ഭാഗങ്ങളിലും നിലവിൽവന്നു. ഈ കോർട്ടുകളെ ഏകീകരിച്ചാണ് അദ്ദേഹം ഇസ്‌ലാമിക് കോർട്ട്സ് എന്ന മുന്നണിക്ക് രൂപം നൽകുന്നത്. 2006ൽ സോമാലിയയുടെ മിക്ക ഭാഗങ്ങളും ഈ മുന്നണിയുടെ ഭരണത്തിൻ കീഴിലായി. യുദ്ധപ്രഭുക്കൾ ഒതുക്കപ്പെട്ടു. ഇസ്‌ലാമിക് കോർട്സിനെ അധികാരത്തിൽനിന്ന് ഇറക്കാൻ അമേരിക്കൻ ഹെലിക്കോപ്റ്ററുകൾ എത്യോപ്യൻ സൈന്യത്തിന്റെ അകമ്പടിയോടെ തലസ്ഥാനത്തേക്ക് കുതിച്ചു. 2006 മധ്യത്തോടെ ഇസ്‌ലാമിക് കോർട്സ് പുറത്താക്കപ്പെട്ടു. പ്രവാസ ജീവിതം നയിക്കവെ ശരീഫ്, മറ്റു പ്രവാസി ഗ്രൂപ്പുകളെ കൂടി ഉൾപ്പെടുത്തി റിലിബറേഷൻ ഓഫ് സോമാലിയ എന്ന ഒരു വിശാല മുന്നണിക്ക് രൂപംനൽകി.

ആ മുന്നണിയുടെ നേതാവ് എന്ന നിലക്കാണ് ശൈഖ് ശരീഫ് പ്രസിഡന്റായി സ്ഥാനമേറ്റിരിക്കുന്നത്. ഇസ്‌ലാമിക് കോർട്സിനെ എതിർത്തിരുന്ന പാർലമെന്റ് അംഗങ്ങൾ തന്നെയാണ് അദ്ദേഹത്തിന് അനുകൂലമായി വോട്ട് ചെയ്തത്. ശൈഖ് ശരീഫിന്റെ കുടുംബത്തിന് ഒരു വലിയ സ്വൂഫി പാരമ്പര്യമുണ്ട്. അതേസമയം, ശൈഖ് മുഹമ്മദ് മുഅല്ലിം എന്ന പണ്ഡിതൻ രൂപം നൽകിയ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ സോമാലിയൻ പതിപ്പായ അത്തജമ്മുഉൽ ഇസ്‌ലാമിയിലും അദ്ദേഹം സജീവമായിരുന്നു. എല്ലാ വിഭാഗങ്ങളെയും ചേർത്തുനിർത്തുക എന്നതാണ് അദ്ദേഹത്തിന്റെ മുമ്പിലുള്ള ഏറ്റവും വലിയ വെല്ലുവിളി. മുമ്പ് തന്നോടൊപ്പമുണ്ടായിരുന്ന ഒരു വിഭാഗം അശ്ശബാബ് എന്ന പേരിൽ സായുധപോരാട്ടം തുടരുന്നുണ്ട്. ഒരു പ്രധാന നഗരം അവർ കൈവശപ്പെടുത്തിയിട്ടുമുണ്ട്. ഇവരെ ഒതുക്കുകയോ അനുനയിപ്പിക്കുകയോ ചെയ്യേണ്ടിവരും. അതിൽ ശൈഖ് ശരീഫ് വിജയിക്കുമോ? പോരാളി സംഘങ്ങളെ സിവിൽ സമൂഹമാക്കി മാറ്റിയെടുക്കുക, തകർന്നു കിടക്കുന്ന സമ്പദ്ഘടന പുനർനിർമിക്കുക, അമേരിക്ക പോലുള്ള വൈദേശിക ശക്തികളുമായി ഏറ്റുമുട്ടൽ ഒഴിവാക്കുക തുടങ്ങിയ ഒട്ടനവധി വെല്ലുവിളികൾ വേറെയും. ■


## സ്നേഹസംഗമം വീഡിയോ

**ജമാഅത്തെ** ഇസ്‌ലാമി കണ്ണൂർ ജില്ല 2009 ജനുവരി 5ന് സംഘടിപ്പിച്ച സ്നേഹസംഗമം പരിപാടിയുടെ സമ്പൂർണ വീഡിയോ ജമാഅത്ത് സൈറ്റിൽ ഉൾപ്പെടുത്തി. ബിഷപ്പ് ഡോ. വർഗീസ് ചക്കാലക്കൽ, വർക്കല പ്രേമാനന്ദ സ്വാമികൾ, കണ്ണൂർ സർവകലാശാല വി.സി ഡോ. പി ചന്ദ്രമോഹൻ, ഉത്തര മേഖലാ ഐ.ജി വി. ശാന്താറാം, മൗലവി ജമാലുദ്ദീൻ മങ്കട, വാണിദാസ് എളയാവൂർ, ആർ. യൂസുഫ് എന്നിവരുടെ വീഡിയോ പ്രഭാഷണങ്ങൾ ഡൗൺലോഡ് ചെയ്യാനും സൗകര്യമുണ്ട്.

ഹൽഖ അമീർ ടി. ആരിഫലി, വി.കെ അലി, കെ.ടി അബ്ദുർറഹീം, അബ്ദുല്ല ഹസൻ, ഡോ. അബ്ദുസ്സലാം വാണിയമ്പലം, സമീർ വടുതല, ആർ. യൂസുഫ്, ബഷീർ മുഹ്‌യിദ്ദീൻ എന്നിവരുടെ ഏറ്റവും പുതിയ ഖുത്ബകളും സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്യാം.

**www.jihkerala.org**

## കാപട്യത്തിന്റെ മുഖംമൂടി ചീന്തുന്ന ഗാനങ്ങൾ



*മൈക്കൽ ഹാർട്ട്*

*We will not go down*
*In the night, without a fight*
*you can burn up our mosques*
*and our homes and our schools*
*But our spirit will never die*

തുടർച്ചയായി 22 ദിവസം ഗസ്സയിലെ രാത്രികൾ ഇസ്രയേൽ ബോംബിംഗിൽ കത്തിപ്പടർന്നപ്പോൾ, മൈക്കൽ ഹാർട്ടിന്റെ ഈ വരികൾ ഫലസ്ത്വീനികൾക്ക് പൊരുതാനുള്ള ആവേശം പകർന്നിരിക്കാം. ഇസ്രയേൽ ആക്രമണം നടക്കുമ്പോൾ മിഡിലീസ്റ്റിലും പടിഞ്ഞാറൻ നാടുകളിലും ഏറ്റവും കൂടുതൽ ഡൗൺലോഡ് ചെയ്യപ്പെടുകയും ശ്രവിക്കപ്പെടുകയും ചെയ്ത ഗാനങ്ങളിലൊന്നാണിത്. മറ്റൊരു ഗാനമാണ് Children of Gaza. സ്ത്രീകളും കുഞ്ഞുങ്ങളും പിടഞ്ഞുമരിക്കുമ്പോഴും നിസ്സംഗതയുടെയും കാപട്യത്തിന്റെയും മുഖംമൂടിയണിയുന്ന ലോകനേതാക്കളെ നിശിതമായി വിചാരണ ചെയ്യുകയാണ് ഈ ഗാനത്തിൽ. 'അവരുടെ നുണകളുടെ മൗനം തകർക്കൂ' (Break the silence of their lies) എന്ന് ആഹ്വാനം നടത്തുകയും ചെയ്യുന്നു. Let the world take a look at what's going on എന്ന ഗാനവും കാപട്യത്തിന്റെ മുഖംമൂടി വലിച്ചു ചീന്തുന്നു. ഈ മൂന്ന് ഗാനങ്ങളിലൊന്ന് തെരഞ്ഞെടുക്കാൻ ഇസ്‌ലാം ഓൺലൈൻ നെറ്റ് നിങ്ങൾക്ക് അവസരമൊരുക്കുന്നു. ■

**മുദ്രകൾ**

# പി.എൽ.ഒക്ക് പകരം പുതിയ മുന്നണി വേണമെന്ന് ഹമാസ്

**"ഫലസ്ത്വീൻ** സമൂഹത്തെ പ്രതിനിധീകരിക്കാനുള്ള അവകാശം ഫലസ്ത്വീൻ ലിബറേഷൻ ഓർഗനൈസേഷന് (പി.എൽ.ഒ) മാത്രമാണ് എന്ന് അംഗീകരിക്കാത്ത ഒരു വിഭാഗവുമായും ഇനി ചർച്ചയില്ല." ഫലസ്ത്വീൻ അതോറിറ്റി പ്രസിഡന്റ് മഹ്മൂദ് അബ്ബാസ് കയ്റോയിൽ വെച്ച് ക്ഷുഭിതനായി പറഞ്ഞു. ഈജിപ്ഷ്യൻ പ്രസിഡന്റ് ഹുസ്നി മുബാറക്കുമായി സംഭാഷണം നടത്താൻ എത്തിയതായിരുന്നു അദ്ദേഹം. ഹമാസിന്റെ രാഷ്ട്രീയ കാര്യ വക്താവ് ഖാലിദ് മിശ്അലിന്റെ പ്രസ്താവനയാണ് അബ്ബാസിനെ ചൊടിപ്പിച്ചത്. പി.എൽ.ഒക്ക് പകരം ഫലസ്ത്വീൻ സമൂഹത്തെ ഫലസ്ത്വീനിലും പുറത്തും പ്രതിനിധീകരിക്കാൻ പുതിയൊരു സംഘടനാ കൂട്ടായ്മ വേണമെന്നായിരുന്നു മിശ്അൽ പറഞ്ഞത്.

ഹമാസ്, അൽജിഹാദുൽ ഇസ്‌ലാമി പോലുള്ള സംഘടനകൾ മഹ്മൂദ് അബ്ബാസിന്റെ നിലപാടിനെ ചോദ്യം ചെയ്തു. യുദ്ധാനന്തരം ഗസ്സാ നിവാസികൾക്ക് ലഭിക്കേണ്ട അവകാശങ്ങൾ തടയുന്നതിനുള്ള ശ്രമമാണിതെന്ന് അൽജിഹാദുൽ ഇസ്‌ലാമി ആരോപിച്ചപ്പോൾ, ഇസ്രയേലുമായി അബ്ബാസ് ഉണ്ടാക്കാൻ പോകുന്ന പുതിയ രാഷ്ട്രീയ ഒത്തുതീർപ്പുകൾ മറച്ചുവെക്കാനാണിതെന്ന് ലബ്നാനിലെ ഹമാസ് പ്രതിനിധി ഉസാമ ഹംദാൻ തുറന്നടിച്ചു. "പി.എൽ.ഒക്ക് ഫലസ്ത്വീൻ സമൂഹത്തിന്റെ ഔദ്യോഗിക പ്രാതിനിധ്യം നൽകുന്നതിൽ ഹമാസ് എതിരല്ല. പക്ഷേ, വിമർശിക്കാനും തിരുത്താനും ആ കൂട്ടായ്മയെ പുനഃസംഘടിപ്പിക്കാനുമുള്ള അവകാശവും വകവെച്ചുതരണം"-ഇതാണ് ഹമാസ് നിലപാട്.

1974ലെ ഒരു യു.എൻ പ്രമേയത്തിൽ, അന്താരാഷ്ട്രതലത്തിൽ ഫലസ്ത്വീനികളുടെ ഏക പ്രാതിനിധ്യം പി.എൽ.ഒക്ക് നൽകിയിരുന്നു. പക്ഷേ, ഫലസ്ത്വീനിലെ പല സംഘടനകൾക്കും പി.എൽ.ഒയിൽ പ്രാതിനിധ്യമുണ്ടായിരുന്നില്ല. 2005ൽ ഫത്ഹും ഹമാസും ഒരു ധാരണയിൽ ഒപ്പുവെച്ചു. അതു പ്രകാരം ഹമാസിനെയും അൽജിഹാദുൽ ഇസ്‌ലാമിയെയും പി.എൽ.ഒയിൽ ചേർക്കാമെന്നും അതിനെ പുനഃസംഘടിപ്പിക്കാമെന്നും തീരുമാനിച്ചിരുന്നതാണ്. പക്ഷേ, തീരുമാനങ്ങൾ കടലാസിൽ കിടന്നതല്ലാതെ പ്രാവർത്തികമായില്ല. ഗസ്സയുടെ മേലുള്ള ഇസ്രയേൽ കടന്നാക്രമണത്തിന് ശേഷം പി.എൽ.ഒയിലെ പ്രമുഖ ഗ്രൂപ്പായ ഫത്ഹിന്റെയും അതിന്റെ നേതാവായ അബ്ബാസിന്റെയും പ്രതിബദ്ധതയും വിശ്വാസ്യതയും വ്യാപകമായി ചോദ്യം ചെയ്യപ്പെടുകയുണ്ടായി. ആ പശ്ചാത്തലത്തിലാണ് പുതിയ വിവാദം. ■

## ഇസ്‌ലാം പഠനങ്ങളുടെ ഏറ്റവും വലിയ ശേഖരം


**ഇസ്‌ലാം,** മുസ്‌ലിംകൾ, അറബികൾ, മധ്യപൗരസ്ത്യം തുടങ്ങിയ വിഷയങ്ങളിൽ ഏറ്റവും കൂടുതൽ അക്കാദമിക പഠനങ്ങൾ ലഭ്യമാവുന്ന സൈറ്റ് ഏതെന്ന് ചോദിച്ചാൽ സംശയിക്കാതെ പറയാം: Biblioislam.net. രണ്ടര ലക്ഷത്തിലധികം അക്കാദമിക പഠനങ്ങളും ഗവേഷണ പ്രബന്ധങ്ങളും മാഗസിൻ ലേഖനങ്ങളും ഇതിലുണ്ടെന്നാണ് അതിന്റെ നടത്തിപ്പുകാർ അവകാശപ്പെടുന്നത്. ഇംഗ്ലീഷ്, അറബി ഭാഷകളിലാണ് പഠനങ്ങൾ. 2001-ൽ *ഇസ്‌ലാം ഓൺലൈൻ നെറ്റി*ന്റെ ശാഖയായാണ് ഇത് തുടങ്ങിയതെങ്കിലും ഇപ്പോൾ സ്വതന്ത്ര സൈറ്റായി പ്രവർത്തിക്കുന്നു. സേവനം സൗജന്യമാണ്. ■

# ഇസ്‌ലാമിക് ഫൈനാൻസ് ശിൽപശാല ഫെബ്രു. 21ന്, നജാത്തുല്ല സിദ്ദീഖി പങ്കെടുക്കും

**കൊച്ചി:** ഇന്ത്യൻ അസോസിയേഷൻ ഫോർ ഇസ്‌ലാമിക് ഇക്കണോമിക്സ് കേരളാ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 21ന് കൊച്ചിയിലെ ബി.ടി.എച്ച് ടൂറിസ്റ്റ് ഹോമിൽ ഇസ്‌ലാമിക് ഫൈനാൻസ് ശിൽപശാല സംഘടിപ്പിക്കുന്നു. രാവിലെ 9.30 ന് ആരംഭിക്കുന്ന പരിപാടി പ്രമുഖ ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്ര വിദഗ്ധൻ ഡോ. എം. നജാത്തുല്ല സിദ്ദീഖി ഉദ്ഘാടനം ചെയ്യും. ഡോ. പി. ഇബ്റാഹീം (പോണ്ടിച്ചേരി യൂനിവേഴ്സിറ്റി) അധ്യക്ഷത വഹിക്കും. ഡോ. ശാരീഖ് നിസാർ (ബാംഗ്ലൂർ) 'ഇസ്‌ലാമിക് ഫൈനാൻസ് ഇന്ത്യയിൽ' എന്ന വിഷയം അവതരിപ്പിക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യണം.

ekmseminar@gmail.com എന്ന ഇമെയിൽ വഴിയോ 9961693887, 9249865482, 9745866606 എന്നീ നമ്പറുകളിൽ ബന്ധപ്പെട്ടോ രജിസ്റ്റർ ചെയ്യാവുന്നതാണ്.

വൈകുന്നേരം രാജേന്ദ്ര മൈതാനിയിൽ ജമാഅത്തെ ഇസ്‌ലാമി കേരള ഘടകം സംഘടിപ്പിക്കുന്ന 'ആഗോള പ്രതിസന്ധിയും ഇസ്‌ലാമിക സമ്പദ്ക്രമവും' എന്ന സെമിനാറിൽ ഡോ. നജാത്തുല്ല സിദ്ദീഖി പങ്കെടുക്കും. ഡോ. കെ. രാമചന്ദ്രൻ നായർ (കേരള പ്ലാനിംഗ് ബോർഡ് അംഗം), എച്ച്. അബ്ദുർറഖീബ് (തമിഴ്നാട്),ടി. ആരിഫലി, ടി.കെ ഫാറൂഖ് എന്നിവർ സംബന്ധിക്കും. ■



*നജാത്തുല്ല സിദ്ദീഖി*